ഉത്തരം

(എ) ഉണ്ട്.

(ബി) ബലാൽസംഗത്തിനിരയാകുന്ന പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്ക് ഒരു ആശ്വാസം എന്ന നിലക്ക് കേന്ദ്രഗവൺമെൻറ് നിർദ്ദേശമനുസരിച്ചും, കേന്ദ്രഗവൺമെൻറിൻെറ പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ അതിൻെറ രണ്ടാമത്തെ റിപ്പോർട്ടിൽ ശുപാർശ ചെയ്തതനുസരിച്ചും നടപ്പിലാക്കിവരുന്ന ഒരു പദ്ധതിയാണിത്. അതുകൊണ്ട് ഇത് പിൻവലിക്കേണ്ടയാവശ്യം ഉള്ളതായി തോന്നിയിട്ടില്ല.

(സി) ഇല്ല.

(ഡി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

പുനരധിവസിപ്പിച്ച അടിമപ്പണിക്കാർ

1511. [2265] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അടിമപണിക്കാരെ പുനരധിവസിപ്പിക്കുകയുണ്ടായി ;

(ബി) ഓരോ വർഷവും പുനരധിവസിപ്പിച്ചവരുടെ എണ്ണം എത്രവീതമെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) 263 പേരെ

(ബി) 1982-83-ൽ 90 പേരും 1983-84-ൽ 173-ം പുനരധിവസിപ്പിക്കേണ്ടവരെയൊക്കെ 1983-84 ഓടുകൂടി പുനരധിവസിപ്പിച്ചുകഴിഞ്ഞു. അതുകൊണ്ട് തുടർന്നുള്ള വർഷങ്ങളിൽ ആരെയും പുനരധിവസിപ്പിക്കുന്ന പ്രശ്നം ഉണ്ടായിരുന്നില്ല.

വള്ളുങ്ങാട്ചിറ കോളനിയിൽ വിദ്യുച്ഛക്തി കണക്ഷൻ ലഭിക്കാനുള്ള കാലതാമസം

1512. [2267] ശ്രീ. സി. കെ. തങ്കപ്പൻ :
,, ജി. വരദൻ :
,, എസ്. ഗോവിന്ദക്കുറുപ്പ് :
,, ടി.കെ. ആറുമുഖൻ :
,, വി. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീടുകൾ വയറിംഗ് നടത്തുന്നതിനും കണക്ഷൻ നൽകുന്നതിനും സർക്കാർ നടപടികൾ സ്വീകരിക്കുന്നില്ലെന്ന് പാലക്കാട് ജില്ലയിലെ വള്ളുങ്ങാട് ചിറ ഹരിജൻ കോളനിനിവാസികൾ പരാതി നൽകിയിട്ടുണ്ടോ ;

(ബി) ഈ കോളനി നിവാസികൾക്ക് അടിയന്തിരമായി വൈദ്യുതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇത്തരം ഒരു പരാതി അടുത്തകാലത്തൊന്നും ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കോളനി നിവാസികളുടെ ഈ ആവശ്യം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly